തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരും സെക്രട്ടറിയും ജില്ലാതല ഉദ്യോഗസ്ഥന്മാരും ജില്ലാ കളക്ടറും പങ്കെടുക്കുന്ന അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പദ്ധതി പ്രവർത്തനം

58 (815). ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്കു പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാസാമാജികർക്കുള്ള പങ്കെന്തെന്ന് വിശദീകരിക്കാമോ ;

(ബി) ഇക്കാര്യത്തിൽ നിയമസഭാസാമാജികരുടെ അഭിപ്രായങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകുവാൻ വേണ്ട ഏർപ്പാടുകൾ ഉറപ്പാക്കുമോ ;

(സി) എങ്കിൽ അത് എപ്രകാരമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ബ്ലോക്കു പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുന്ന ജില്ലാ ആസൂത്രണ സമിതിയിലെ ക്ഷണിക്കപ്പെട്ട മെമ്പർമാരാണ് നിയമസഭാസാമാജികർ, ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് അംഗീകാരം നൽകുന്ന സമിതി എന്ന നിലയിൽ ബ്ലോക്കു പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെ ചർച്ചയിലും മറ്റു നടപടികളിലും ബഹുമാനപ്പെട്ട നിയമസഭാസാമാജികർക്ക് പങ്കുവഹിക്കുന്നതിനുള്ള സാഹചര്യമുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെയും ജില്ലാ പഞ്ചായത്തിലെയും പദ്ധതി രൂപീകരണവും നിർവ്വഹണവും അതാതു പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടക്കുന്ന കാര്യങ്ങളാണ്.

(ബി&സി) പദ്ധതി രൂപീകരണ-നിർവഹണ കാര്യങ്ങളിൽ ബഹുമാനപ്പെട്ട നിയമസഭാസാമാജികരുടെ അഭിപ്രായങ്ങൾ എപ്പോഴും സ്വാഗതാർഹമാണ്. അവരുടെ വിലപ്പെട്ട അഭിപ്രായങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധിപൻമാരെ അറിയിക്കാവുന്നതാണ്. എന്നാൽ ഈ കാര്യങ്ങളിൽ അവസാന തീരുമാനം എടുക്കാനുള്ള അധികാരം ഭരണഘടന പ്രകാരം ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly